ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ(ഓഫീസ്):0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

---

**നമ്പർ. ബി6/03 (1)/2020/ മെ.വി.വ.** **തീയതി: 16/11/2020**

## വിജ്ഞാപനം

### ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് 2020 -2021 (പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്കായി 2020-2021 നടത്തുന്ന **ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സിന്** അപേക്ഷിച്ചവരുടെ താൽക്കാലിക റാങ്ക് ലിസ്റ്റ് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലും, ഡി.എം.ഇ.-യുടെ വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിലും ലിസ്റ്റ് പരിശോധനയ്ക്ക് ലഭിക്കുന്നതാണ്. പ്രസ്തുത ലിസ്റ്റിനെ കുറിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ **2020 നവംബർ മാസം 23-ന് വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

പ്രസ്തുത കോഴ്സിൻറെ ഫൈനൽ ലിസ്റ്റ് 2020 **നവംബർ മാസം 26-ന്** പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത കോഴ്സിൻറെ ഇൻറർവ്യൂ താഴെ പറയുന്ന സ്ഥലത്തും സമയത്തും നടത്തുന്നതാണ്.

| തീയതി | സമയം | റാങ്ക് വിവരം | സ്ഥലം |
|---|---|---|---|
| 02/12/2020 | 10 am - 12 noon | റാങ്ക് 1 മുതൽ 150 വരെയുള്ള പട്ടികജാതി വിഭാഗം പെൺകുട്ടികൾ | അലുംനി ഓഡിറ്റോറിയം (Alumni Auditorium / Old Auditorium) പ്രിൻസിപ്പൽ ഓഫീസിന് സമീപം, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം പിൻ-695011 |
| | 12 noon - 1 pm | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാരും | |
| | 2 pm മുതൽ | 151 മുതൽ റാങ്ക് ലിസ്റ്റിലുള്ള പട്ടിക ജാതി വിഭാഗം പെൺകുട്ടികളും, എല്ലാ പട്ടിക ജാതി വിഭാഗം ആൺകുട്ടികളും | |

**ഇൻറർവ്യൂവിന് പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ (എസ്.എസ്.എൽ.സി, പ്ലസ് ടു/തത്തുല്യം, കമ്മ്യൂണിറ്റി, നേറ്റിവിറ്റി, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് മുതലായവ) ഹാജരാക്കേണ്ടതാണ്.** പ്രസ്തുത ഇൻറർവ്യൂ ദിവസം ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾ, പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന അനുമതി പത്രം (വെബ് സൈറ്റിൽ ലഭ്യമാണ്) പൂരിപ്പിച്ച് ചുമതലപ്പെടുത്തുന്ന വ്യക്തി മുഖേന, അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ 20 സീറ്റുകളിലേയ്ക്ക്, എസ്.ടി വിഭാഗം വിദ്യാർത്ഥികളുടെ അഭാവത്തിൽ, എസ്.സി വിഭാഗം വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.

കോവിഡ് 19 ൻറെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുള്ള ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചുകൊണ്ടു മാത്രമായിരിക്കും ഇൻറർവ്യൂ നടത്തുന്നത്. **വിദ്യാർത്ഥിയോടൊപ്പം ഒരു രക്ഷകർത്താവ് മാത്രം ഹാജരായാൽ മതിയാകും.** വിദ്യാർത്ഥികളും, രക്ഷകർത്താക്കളും ആരോഗ്യ വകുപ്പ് പുറത്തിറക്കിയിട്ടുള്ള ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പൂർണമായും പാലിക്കേണ്ടതാണ്.

**വിശദ വിവരങ്ങൾ ക്ക് www.dme.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.**

Signature valid
Digitally signed by JOLLY JOSE
Date: 2020.11.16 11:30:00 IST
Reason: Approved

DR.JOLLY JOSE
JOINT DIRECTOR (NURSING)

പകർപ്പ്

1. പട്ടിക ജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ് , തിരുവനന്തപുരം
3. ആദിവാസി മഹാസഭ, ആദിവാസി ഭവൻ, വിതുര, തിരുവനന്തപുരം
4. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം
5. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/കോട്ടയം/ കോഴിക്കോട്
6. ഡി എം ഇ / ജെ ഡി എം ഇ (എം & ജി )/ ജെ ഡി എൻ ഇ/സീ.എ.ഓ എന്നിവരുടെ സി എ മാർക്ക്
7. എ.എ.3 / സീനിയർ സൂപ്രണ്ട് (ബി സെക്ഷൻ) ഡി.എം.ഇ ഓഫീസ്
8. നോട്ടീസ് ബോർഡ്
9. സർജൻറ്